ഭരണഭാഷ-മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്,**

വികാസ്ഭവൻ (പി.ഒ), തിരുവനന്തപുരം- 695 033.

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website: www.ecostat.kerala.gov.in

**നം. DES/4182/2023-VIG** **തീയതി :21-02-2024**

**സർക്കുലർ**

വിഷയം:- ഡി.ഇ.എസ് –വിജിലൻസ്–എംപ്ലോയീസ് ഡാറ്റാബാങ്ക് ആപ്ലിക്കേഷൻ സമയാസമയം അപ്ഡേറ്റ് ചെയ്ത് പ്രതിമാസ സബ്മിഷൻ ഉറപ്പാക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 25/11/2021 ലെ DES/3406/2021-GRCനമ്പർ കത്ത്.

2. 05/10/2023 ലെ ഇതേ നമ്പർ കത്ത്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും, ജില്ലാ-താലൂക്ക് ഓഫീസുകളിലും, സ്റ്റാറ്റിസ്റ്റിക്സ് സെല്ലുകൾ പ്രവർത്തിക്കുന്ന ഇതര വകുപ്പുകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഓൺലൈൻ ആപ്ലിക്കേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഹോം പേജിൽ DES Employees Data bank എന്ന ലിങ്കിൽ ലഭ്യമാക്കിയിരുന്നു. ഇത് 2021 ഡിസംബർ മാസം മുതൽ ഉപയോഗിച്ച് വരുന്നു. എന്നാൽ എല്ലാ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്ത് സബ്മിറ്റ് ചെയ്യുന്നതായി കാണുന്നില്ല. ആയതിനാൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 എംപ്ലോയീസ് ഡാറ്റാബാങ്ക് ആപ്ലിക്കേഷനിൽ ജീവനക്കാരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടുന്ന ഉദ്യോഗസ്ഥർ സമയാസമയം അപ്ഡേറ്റ് ചെയ്ത് എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിനത്തിനുള്ളിൽ സബ്മിറ്റ് ചെയ്യേണ്ടതാണ്.

2 ഓരോ ഓഫീസിലേയും ഓരോ ഉദ്യോഗസ്ഥരുടേയും Designation, Basic Pay, Scale of Pay, Salary Head, Date of Joining in the Present Office, Qualification, Service History, Training, Department Test, Punishment imposed എന്നീ വിവരങ്ങൾ മാറ്റം വന്നിട്ടുണ്ടെങ്കിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് എല്ലാ മാസവും ഉറപ്പുവരുത്തേണ്ടതാണ്.

3 എല്ലാ ജീവനക്കാർക്കും അവരവർ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാവുന്നതാണ്. ആയതിലേയ്ക്ക് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ **'പ്രവർത്തനങ്ങൾ'** എന്ന ഓപ്ഷൻ സെലക്ട്ചെയ്ത് **ഔദ്യോഗിക ലോഗിൻ** 2-ൽ ജീവനക്കാരുടെ ഡാറ്റാ ബാങ്കിൽ Pen Number, Mobile Number എന്നിവ നൽകി വിവരങ്ങൾ കാണാവുന്നതാണ്.

4 ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാർ, LWA -ൽ പ്രവേശിക്കുന്ന ജീവനക്കാർ, വിരമിക്കുന്നവർ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം ലഭിക്കുന്നവർ എന്നിവരെ യഥാസമയം ഓഫീസിൽ നിന്നും ട്രാൻസ്ഫർചെയ്യേണ്ടതാണ്.

5 ഡെപ്യൂട്ടേഷൻ , L W A എന്നിവയിലുള്ള ഉദ്യോഗസ്ഥർ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ Re-join ചെയ്യിക്കുന്നതിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Sreekumar B
Date: 21-02-2024 18:19:32

DIRECTOR

ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
ലൈൻ ഡിപ്പാർട്ടുമെന്റിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾക്ക്
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അഡീഷണൽ ഡയറക്ടർമാർ എന്നിവരുടെ സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)